സഭകളുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും വാർഡ് സഭകളുടെ പരിശോധനയ്ക്കു ശേഷം അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് കൊണ്ട് നഗരസഭാ കൗൺസിലുകൾ ഗുണഭോക്തൃ ലിസ്റ്റിന് അന്തിമ അംഗീകാരം നൽകുന്നു. തുടർന്ന് ലിസ്റ്റ് പൊതുജനങ്ങളുടെ അംഗീകാരത്തിനായി പ്രസിദ്ധീകരിക്കുന്നതാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ട്**

**61 (2184)** ശ്രീ. എ. സുജനപാൽ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ട് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**ദത്തെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനം**

**62 (2185)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തെ ഏതെങ്കിലും വിദേശ തദ്ദേശഭരണ സ്ഥാപനമോ, രാജ്യമോ ദത്തെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനത്തെയെന്ന് പറയാമോ ;

(ബി) ഇപ്രകാരം ദത്തെടുക്കുന്നതുകൊണ്ട് ആ തദ്ദേശഭരണ സ്ഥാപനത്തിന് എന്ത് പ്രയോജനം ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ സാംസ്ക്കാരികമോ ചരിത്രപരമോ ആയ വികസനത്തിനുവേണ്ടി ഏതെങ്കിലും വിദേശ തദ്ദേശഭരണ സ്ഥാപനമോ രാജ്യമോ ഏതെങ്കിലും വിധത്തിലുള്ള ബന്ധം സ്ഥാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly